(ബി) എങ്കിൽ ഏതെല്ലാം വർക്കുകൾക്കാണ് അംഗീകാരം കൊടുത്തിട്ടുള്ളതെന്നും ഓരോന്നിനും എന്തുതുക വീതം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടില്ലാത്ത ഏതെല്ലാം വർക്കുകൾക്കാണ് നടപ്പ് സാമ്പത്തിക വർഷം മാർച്ച് ഒന്നുവരെ സാമ്പത്തിക അംഗീകാരം നൽകിയിട്ടുള്ളത് ;

(ഡി) ഇത്തരത്തിൽ അംഗീകാരം നൽകിയിട്ടുള്ള വർക്കുകൾക്ക് എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ബഡ്ജറ്റിൽ മതിയായ പണം വകയിരുത്തിയിട്ടും സാമ്പത്തിക അംഗീകാരം കൊടുക്കാതെ ഏതെല്ലാം വർക്കുകളാണ് നടപ്പിലാക്കാൻ കഴിയാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) 2000 മാർച്ച് ഒന്ന് വരെ സാമ്പത്തിക അംഗീകാരത്തിനുവേണ്ടി കിട്ടിയ ഫയലുകളിൽ തീരുമാനം കൈക്കൊള്ളാത്ത എത്ര എണ്ണം ഉണ്ടെന്നും അവ ഏതെല്ലാം വർക്കുകളുടേതാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഇത്തരം വർക്കുകളുടെ വിവരം ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ഇവയുടെയും വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ എടുത്തിട്ടുള്ള വായ്പകൾ

9 (2722) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ സർക്കാർ എന്ത് തുക വായ്പ എടുത്തിട്ടുണ്ട് ;

(ബി) ഏതെല്ലാം ഏജൻസികളിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ;

(സി) വായ്പകൾ എടുത്ത തുക മുൻ ബാദ്ധ്യതയുടെ ഗഡുക്കളും പലിശയും അടയ്ക്കാൻവേണ്ടി ഉപയോഗിക്കുന്നുണ്ടോ; ഓരോ വർഷവും ബാദ്ധ്യത കൂടികൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വായ്പ തുകകൾ പ്രത്യുൽപാദനപരമായി മാത്രം ഉപയോഗിക്കാൻ നിയന്ത്രണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 822.68 കോടി രൂപ.

(ബി) വിവിധ ബാങ്കുകൾ, നബാർഡ്, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, ജനറൽ ഇൻഷ്വറൻസ് കമ്പനി, എൻ.സി.ഡി.സി തുടങ്ങിയ ഏജൻസികളിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളത്.

(സി) സംസ്ഥാനത്തിന്റെ എല്ലാ വരുമാനവും കൺസോളിഡേറ്റഡ് ഫണ്ടിലാണ് സ്വരൂപിക്കുന്നത്. മുൻ ബാദ്ധ്യതയുടെ ഗഡുക്കളും, പലിശയും ഇതിൽനിന്നാണ് അടയ്ക്കുന്നത്. ആയതിനാൽ ഓരോ ഏജൻസിയിൽ നിന്നും എടുക്കുന്ന വായ്പയുടെ തുക ഇതിലേക്ക് ഉപയോഗിക്കുന്നുണ്ടോയെന്ന് പ്രത്യേകം കണക്കാക്കാറില്ല. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കൂടുതൽ തുക കണ്ടെത്തേണ്ടി വരുമ്പോൾ ബാദ്ധ്യതകൾ കൂടി വരാറുണ്ട്.

(ഡി) സംസ്ഥാനം കണ്ടെത്തുന്ന വായ്പ തുകകൾ വികസന പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്.

സംസ്ഥാനത്തിന്റെ കടം

10 (2723) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1195-96, 1996-97, 1997-98, 1998-99 എന്നീ നാല് വർഷങ്ങളിൽ സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ എത്ര ശതമാനം പലിശ ബാദ്ധ്യതയ്ക്ക് വേണ്ടി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട് ;

(ബി) 1999-2000 വർഷത്തിൽ എത്ര രൂപയാണ് കടമെടുക്കേണ്ടി വരുമെന്ന് കണക്കാക്കിയിരുന്നത് ;

(സി) ഈ വർഷം പലിശയിനത്തിൽ ചെലവഴിക്കേണ്ടി വരുന്ന തുക എത്രയാണെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും ഈ തുക ഈ വർഷത്തെ വരുമാനത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ)

വർഷം	*ശതമാനം*
1995-96	17. 04
1996-97	17. 96
1997-98	18. 07
1998-99	20. 09

(ബി) 2224. 46 കോടി രൂപ

(സി)

പലിശയിനത്തിൽ കണക്കാക്കിയ തുക	ശതമാനം
1709. 28 കോടി രൂപ	19. 56 %

LIBRARY ARCHIVES Kerala Legislative Assembly